(ബി) ഇതിൽ എത്ര സംഖ്യ കേരളാ സ്പോർട്സ് കൗൺസിൽ മുഖേന ഇതുവരെ സഹായധനമായി നൽകിക്കഴിഞ്ഞിട്ടുണ്ട് ;

(സി) ഇനി എത്ര സംഖ്യയാണ് ഈ ഇനത്തിൽ കേരളാ സ്പോർട്സ് കൗൺസിലിൽ നിന്നും കോഴിക്കോട് ജില്ലാ സ്പോർട്സ് കൗൺസിലിന് കൊടുത്തു തീർക്കാനുള്ളത് ?

(ഡി) ബാക്കി തുക എന്നു കൊടുത്തുതീർക്കുവാൻ കഴിയും ?

ഉത്തരം

(എ) കോഴിക്കോട് ഇൻഡോർ സ്റേഡിയത്തിന്റെ പുതുക്കിയ മതിപ്പു ചെലവ് 75 ലക്ഷം രൂപയാണ്.

(ബി) ഒരുലക്ഷം രൂപ ഇന്ത്യാ ഗവ. ഗ്രാന്റ് ഉൾപ്പെടെ 39,50,000 രൂപ ഇതുവരെ കോഴിക്കോട് ഇൻഡോർ സ്റേഡിയത്തിന്റെ നിർമ്മാണ ചെലവിനു വേണ്ടി കേരളാ സ്പോർട്സ് കൗൺസിൽ നൽകി കഴിഞ്ഞിട്ടുണ്ട്.

(സി) പുതുക്കിയ എസ്റിമേറ് അനുസരിച്ച് 56,25,000 രൂപ (എസ്റിമേറിന്റെ 75%) കേരളാ സ്പോർട്സ് കൗൺസിലിൽ നിന്ന് ഡിസ്ട്രിക്റ് സ്പോർട്സ് കൺസിലിന് കിട്ടാൻ അർഹതയുണ്ട്. ഇതുവരെ നൽകിയ 39,50,000 രൂപ കഴിച്ച് ബാക്കി 16,75,000 രൂപ ഡിസ്ട്രിക്റ് സ്പോർട്സ് കൗൺസിലിന് നൽകാനുണ്ട്.

(ഡി) ഫണ്ട് ലഭ്യമാകുന്ന മുറയ്ക്കു ബാക്കി തുക നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

പെരുവന്താനം മൂഴി ടൂറിസ്റ് കേന്ദ്രമാക്കാൻ വനം വകുപ്പ് സ്വീകരിക്കുന്ന നടപടി

300. [375] ശ്രീ. എ. കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരുവന്താനംകുഴി ടൂറിസ്റ് കേന്ദ്രമാക്കുന്നതിന്റെ ഭാഗമായി വനം വകുപ്പിന്റെ ആഭിമുഖ്യത്തിൽ എന്തെങ്കിലും നടപടി കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം ?

ഉത്തരം

(എ & ബി) പെരുവന്താനംമൂഴി ടൂറിസ്റ് കേന്ദ്രമായി പ്രഖ്യാപിക്കുന്നതിനെ സംബന്ധിച്ച നിർദ്ദേശങ്ങളൊന്നും പൊതുരേണ വകുപ്പിന്റെ പരിഗണനയിൽ ഇല്ലാത്തതുകൊണ്ട് വനം വകുപ്പിന്റെ ആഭിമുഖ്യത്തിൽ എന്തെങ്കിലും നടപടി കൈക്കൊള്ളുന്ന പ്രശ്നം ഇപ്പോൾ ഉദിക്കുന്നില്ല.

സബ്രജിസ്ട്രാർ ആഫീസുകളുടെ പരിധിയിൽ മാറ്റം വരുത്തണമെന്നുള്ള നിവേദനം

301. [376] ശ്രീ. കെ. മൂസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ വടകര താലൂക്കിലുള്ള ഓർക്കാട്ടേരി, ആദിയൂർ ദേശങ്ങളെ ഒഴിയൂർ സബ്രജിസ്ട്രാറാഫീസിന്റെ പരിധിയിൽ നിന്നും മാറ്റി എടച്ചേരി സബ് രജിസ്ട്രാറാഫീസിന്റെ പരിധിയിൽ കൊണ്ടു വരണമെന്ന് സ്ഥലം നിവാസികളുടെ ആവശ്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് എന്ത് നടപടി എടുത്തു ;

(സി) നടപടികൾ ഊർജ്ജിതപ്പെടുത്താൻ നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) ഓർക്കാട്ടേരി, ആദിയൂർ ദേശങ്ങളെ എടച്ചേരി സബ് രജിസ്ട്രാർ ആഫീസിന്റെ പരിധിയിൽ കൊണ്ടുവരുവാൻ തീരുമാനം എടുത്തു കഴിഞ്ഞു. ഇതു സംബന്ധിച്ച വിജ്ഞാപനം താമസിയാതെ പുറപ്പെടുവിക്കുന്നതാണ്.

ഏലപ്പാറ വില്ലേജ് പീരുമേട് സബ് രജിസ്ട്രാർ ഓഫീസിനോട് ചേർക്കാൻ നടപടി

302. [377] ശ്രീ.കെ.കെ. തോമസ് : താഴെ കാണുന്ന ചോദ്യത്തിന് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഇപ്പോൾ കട്ടപ്പന സബ് രജിസ്ട്രാർ ഓഫീസിനോട് ചേർന്നിരിക്കുന്ന ഏലപ്പാറ വില്ലേജ് പീരുമേട് സബ് രജിസ്ട്രാർ ഓഫീസിനോട് ചേർക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

ഇതിനു വേണ്ട നടപടി എടുത്തുവരികയാണ്.

II. അടിയന്തിരപ്രമേയം

ഇടുക്കിയിൽ തങ്കമണി എന്ന സ്ഥലത്തു നടന്ന പോലീസ് വെടിവയ്പ്

മി. ഡെപ്യൂട്ടി സ്പീക്കർ : ഇടുക്കി ജില്ലയിലെ തങ്കമണിയിൽ ബുധനാഴ്ച വൈകിട്ട് നാട്ടുകാർക്കെതിരെ നെടുങ്കണ്ടം സി. ഐ. യുടെ നേതൃത്വത്തിൽ പോലീസ് വെടിവച്ചതിന്റെ ഫലമായി രണ്ടുപേർ മരണമടയുകയും മറ്റ് നിരവധിപേർക്ക് സാരമായി പരിക്കേൽക്കുകയും ചെയ്ത സംഭവത്തെ തുടർന്ന് അവിടെ ഉളവായതായി പറയപ്പെടുന്ന ഗുരുതരാവസ്ഥയെപ്പറ്റി ചർച്ച ചെയ്യാൻ ഇന്നത്തെ നിയമസഭാനടപടികൾ നിർത്തിവയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ. ഇ. കെ. നായനാർ, ശ്രീ. കെ. പി. പ്രഭാകരൻ, ശ്രീ. എ. സി. ഷൺമുഖദാസ്, ശ്രീ. ബേബിജോൺ, ശ്രീ. കെ. കൃഷ്ണൻകുട്ടി, ശ്രീ. എം. വി. രാഘവൻ, ശ്രീ. സി. കെ. ചക്രപാണി, ശ്രീ. ജി. വരദൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : കട്ടപ്പനയിൽ തങ്കമണി എന്ന സ്ഥലത്ത് സഹകാരിബസ്സുകാരും നാട്ടുകാരും തമ്മിൽ തർക്കമുണ്ടായതിനെത്തുടർന്ന് സ്ഥിതിഗതികൾ സംഘർഷാത്മകമായിത്തീരുകയും സമാധാനം പാലിക്കാൻവേണ്ടി ചെന്ന പോലീസിന് അവരെ നിയന്ത്രിക്കാൻ സാധിക്കാതെവരികയും ചെയ്തതിന്റെ ഫലമായി വെടിവയ്പ് നടത്തുകയും ചെയ്തു. അതിന്റെ ഫലമായി ഒരാൾ മരിക്കുകയും ഒരാളെ ആശുപത്രിയിൽ പ്രവേശിപ്പിക്കാൻ ഇടയാകുകയും ചെയ്തിട്ടുണ്ട്. ഒരാൾ മരിക്കാൻ ഇടയായതിൽ ഗവൺമെന്റിന് അങ്ങേയറ്റം ദുഃഖമുണ്ട്. തങ്കമണി ടൗണിലാണ്

LIBRARY ARCHIVES Kerala Legislative Assembly